**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2536** **08.05.2017 ലെ മറുപടി**

## മാടായി കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | മറുപടി<br>മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) ഭരണാനുമതി ലഭിച്ച കല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2016 ൽ 586 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച മാടായി കുടിവെള്ള പദ്ധതിയിൽ 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതലജലസംഭരണി, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 62% പൂർത്തീകരിച്ചിട്ടുണ്ട്. ജലസംഭരണിയുടെ ബേസ് സ്ലാബിന്റെ താഴെ വരെയുള്ള തൂണുകളുടെയും ബീമുകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി PWD റോഡിൽ 2.35 കി.മീറ്റർ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുള്ള അനുമതി PWD യിൽ നിന്നും കാലതാമസമില്ലാതെ ലഭിക്കുകയാണെങ്കിൽ പദ്ധതി 2017 ജൂൺ മാസത്തോടു കൂടി പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Renuka Sankar
സെക്ഷൻ ഓഫീസർ